# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ നടത്തിപ്പിലേക്കായി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ. (സാധാ) നം. 3715/2017/പൊ.വി.വ.** തിരുവനന്തപുരം, **തീയതി : 16/10/2017**

പരാമർശം : 1) 28.04.2017-ലെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മീറ്റിംഗ് മിനിറ്റ്സ്.
2) 11.06.2017-ലെ സ.ഉ.(സാധാ) നം. 1830/2017/പൊ.വി.വ.
3) 21.07.2017-ലെ സ.ഉ.(സാധാ) നം. 2425/2017/പൊ.വി.വ.
4) 11.09.2017-ലെ സ.ഉ.(സാധാ) നം. 3142/2017/പൊ.വി.വ.
5) 16.09.2017-ലെ സ.ഉ.(സാധാ) നം. 3199/2017/പൊ.വി.വ.
6) 04.10.2017-ലെ എ1/193/2017/എസ്.ജെ.ഡി. നമ്പർ അനൗദ്യോഗിക കുറിപ്പ്.

## <u>ഉത്തരവ്</u>

പരാമർശം (1) യോഗ തീരുമാന പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി 31 തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനമാവുകയും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6 ഉദ്യോഗസ്ഥരെ പരാമർശം (3), (4), (5) ഉത്തരവുകൾ പ്രകാരം കരാർ അടിസ്ഥാനത്തിൽ/അന്യത്ര സേവനം/പുനഃനിയമനം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

പരാമർശം (6) അനൗദ്യോഗിക കുറിപ്പ് പ്രകാരം സാമൂഹികനീതി വകുപ്പിൻ കീഴിൽ ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ശ്രീരഞ്ജിനിയുടെ സേവനം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ നടത്തിപ്പിലേക്കായി അന്യത്ര സേവന വ്യവസ്ഥയിൽ വിട്ടുനൽകുന്നതിന് എതിർപ്പില്ലെന്ന് അറിയിച്ചിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി. ശ്രീരഞ്ജിനി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, മുളന്തുരുത്തിയെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ

നടപ്പിലേക്കായുള്ള വിദ്യാഭ്യാസ മിഷനിൽ പ്രോജക്ട് ഓഫീസർ-ഇൻ-ദി-റാങ്ക് ഓഫ് ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസറായി പരാമർശം (2) ഉത്തരവ് പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ ഒരുവർഷത്തേക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷാടൈറ്റസ്**
**സെക്രട്ടറി**

ശ്രീമതി ശ്രീരഞ്ജിനി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, മുളന്തുരുത്തി
(മിഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖേന)
മിഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KITE
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്
സോഷ്യൽ ജസ്റ്റിസ് (എ) ഡിപ്പാർട്ട്മെന്റ്
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ